I ഇ.ബി. XV - കേരള നിയമസഭ/V-9

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

ഇരിട്ടിയിലെ ബോംബ് സ്ഫോടനം

മി. സ്പീക്കർ: ഇരിട്ടി മുനിസിപ്പാലിറ്റിയിലെ ചാവശ്ശേരിയിൽ ആക്രി പെറുക്കുന്നതിനിടെ ലഭിച്ച സ്റ്റീൽ പാത്രത്തിൽനിന്നുമുണ്ടായ ഉഗ്രസ്ഫോടനത്തിൽ രണ്ടുപേർ മരണപ്പെട്ട സംഭവത്തിൽ ബോംബ്

നിർമ്മിച്ചവരെയും സൂക്ഷിച്ചവരെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിക്കാത്തതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇരിട്ടി ചാവശ്ശേരിയിൽ ആക്രി പെറുക്കുന്നതിനിടെ ലഭിച്ച സ്റ്റീൽ പാത്രത്തിൽനിന്നുണ്ടായ സ്ഫോടനത്തിൽ രണ്ട് അസം സ്വദേശികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് മട്ടന്നൂർ പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും ഫോറൻസിക് വിദഗ്ദ്ധർ, ബോംബ് സ്ക്വാഡ് തുടങ്ങിയവർ പരിശോധന നടത്തി ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നതുമാണ്. സ്ഫോടക വസ്തുവിന്റെ ഉറവിടം കണ്ടെത്തുന്നതിനായി ആ ദിവസങ്ങളിൽ പാഴ്വസ്തുക്കൾ ശേഖരിച്ച സ്ഥലങ്ങളെപ്പറ്റി അന്വേഷിച്ചുവരുന്നു. 2022 മാർച്ചിലെ ദേശീയ പണിമുടക്കുദിവസം പാനൂർ മേഖലയിൽ സ്ലാബിനടിയിൽനിന്ന് ബോംബുകൾ കണ്ടെത്തിയതിലും കോഴിക്കോട് പെരിങ്ങത്തൂരിലും കണ്ണൂർ

നരിവേലിലും സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ച് കുട്ടികൾക്ക് പരിക്കുപറ്റിയതിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും കതിരൂരിൽ ബോംബ് നിർമ്മിക്കുന്നതിനിടെ സ്ഫോടനം നടന്ന സംഭവത്തിൽ 7 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ചാവശ്ശേരി മേഖലയിൽ വർഗ്ഗീയ സംഘടന കൈവശം വച്ചിരുന്ന ആയുധശേഖരം കണ്ടെത്തി നിർവ്വീര്യമാക്കാനും സമാധാനം പുനഃസ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: ഇരിട്ടി ചാവശ്ശേരിയിലുണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കാൻ സർക്കാർ തയ്യാറാകണം. കുറ്റക്കാരെ കണ്ടെത്തി കൊലപാതകത്തിന് തുല്യമായ വകുപ്പുകൾ ചുമത്തുകയും ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുകയും വേണം. കണ്ണൂരിൽ ബോംബ് നിർമ്മാണവും ആയുധശേഖരവും നടത്തുന്നവരെയും അതിന് പ്രേരണ നൽകുന്നവരെയും കണ്ടെത്താൻ സാധിക്കാത്തത് ഖേദകരമാണ്. കണ്ണൂരിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ശക്തികൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് തടയാനും തയ്യാറാകണം. അതീവ ഗൗരവമേറിയ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാഷ്ട്രീയ കൊലപാതക കേസുകളിൽ അന്വേഷണം അട്ടിമറിക്കുന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെയും എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. സംഘടനകളുമായുള്ള അവിശുദ്ധ കൂട്ടുകെട്ട് പുറത്തറിയാതിരിക്കാനുമായി സി.പി.ഐ.(എം)-നെതിരെ കഥകൾ മെനയുന്ന രീതി അങ്ങേയറ്റം അപഹാസ്യമാണ്. സംസ്ഥാനത്തിന്റെ ക്രമസമാധാന നില തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

1. പൊതുമരാമത്ത് കരാറുമായി ബന്ധപ്പെട്ട അധികസാമ്പത്തിക ബാദ്ധ്യത

ശ്രീ. ഇ. ചന്ദ്രശേഖരൻ: പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണപ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കാതിരിക്കുകയോ പാതിവഴിയിൽ ഉപേക്ഷിച്ചുപോകുകയോ ചെയ്യുന്നതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കരാറുകാരിൽ നിന്നും ഈടാക്കാനും പേരാമ്പ്ര മോഡൽ സംസ്ഥാനത്തുടനീളം നടപ്പിലാക്കാനും സാധിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മത്സരാധിഷ്ഠിത ഇ-ടെണ്ടറുകളിലൂടെ കരാറുകാരെ നിയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ പ്രവൃത്തിയുടെ സമയപരിധി നിശ്ചയിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നുണ്ട്. ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റിയും സംസ്ഥാനതല മിഷൻ ടീമും ഓരോ പ്രവൃത്തിയും കൃത്യമായി വിലയിരുത്തി, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്ന കരാറുകാർക്ക് ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സൈറ്റ് കൈമാറിയിട്ടും പ്രവൃത്തി

ആരംഭിക്കാതെ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ പിഴ ചുമത്തൽ, പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കൽ, ലൈസൻസ് റദ്ദ് ചെയ്യൽ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അകാരണമായി പൂർത്തീകരിക്കാതെയോ നിശ്ചിത സമയത്തിനകം ആരംഭിക്കാതിരിക്കുകയോ ചെയ്ത 49 പ്രവൃത്തികളിൽ നിന്നും ബന്ധപ്പെട്ട കരാറുകാരെ ഒഴിവാക്കിയിട്ടുണ്ട്. പേരാമ്പ്ര മോഡൽ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കാൻ പി.ഡബ്ല്യു.ഡി. മിഷൻ ടീം തീരുമാനിച്ചിട്ടുണ്ട്. ടെർമിനേറ്റ് ചെയ്യുന്ന പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കരാറുകാർക്കെതിരെയും ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

## 2. മെഡിസെപ് പദ്ധതി

ശ്രീ. രമേശ് ചെന്നിത്തല: മെഡിസെപ് പദ്ധതിയിൽ പ്രശസ്തമായ ആശുപത്രികളില്ലെന്നും എം-പാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ എല്ലാ വിഭാഗം ചികിത്സയും നൽകുന്നില്ലെന്നുമുള്ള ആക്ഷേപം വ്യാപകമായിട്ടുണ്ട്. എം-പാനൽ ലിസ്റ്റിലുള്ള ചില ആശുപത്രികൾ മെഡിസെപ് പദ്ധതി പ്രകാരമുള്ള ചികിത്സ നൽകാത്ത സ്ഥിതിയും സംജാതമായിട്ടുണ്ട്. എല്ലാ ആശുപത്രികളെയും പദ്ധതിയുടെ ഭാഗമാക്കാനും എംപാനൽ ചെയ്ത

ആശുപത്രികളിൽ എല്ലാ ചികിത്സയും ഉറപ്പാക്കാനും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സൗകര്യം ലഭ്യമാക്കുന്ന സ്വകാര്യ-സർക്കാർ സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളെ എംപാനൽ ചെയ്യാനും ഒ.പി. ചികിത്സ പദ്ധതിയുടെ ഭാഗമാക്കാനും തയ്യാറാകണം. പദ്ധതി ഓപ്ഷണലാക്കാനും കുറ്റമറ്റ പരാതി പരിഹാര-ഹെൽപ്പ് ഡെസ്ക് സംവിധാനമൊരുക്കാനും പെൻഷൻകാരുടെ ആശ്രിതർക്ക് പ്രയോജനം ലഭ്യമാകുംവിധം പദ്ധതി വിപുലമാക്കാനും നടപടി സ്വീകരിക്കണം. ജീവനക്കാർ നൽകുന്ന പ്രീമിയത്തിന് തത്തുല്യമായ തുക സർക്കാർ നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): കേരളമൊന്നടങ്കം അംഗീകരിച്ച മെഡിസെപ് പദ്ധതിയിൽ സർക്കാർ ജീവനക്കാരും പാർട്ട് ടൈം-കണ്ടിജന്റ് ജീവനക്കാരും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും പെൻഷൻകാരും കുടുംബപെൻഷൻകാരും ആശ്രിതരും അംഗങ്ങളാണ്. ഔട്ട് പേഷ്യന്റ് റീ-ഇമ്പേഴ്സ്മെന്റ്, പലിശരഹിത അഡ്വാൻസ് തുക, പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് എന്നിവ തുടർന്നും ലഭ്യമാക്കുന്നതാണ്. നിലവിൽ രോഗികളായവർക്കും പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നതാണ്. ജീവനക്കാരിൽ നിന്നും വാർഷിക

പ്രീമിയമിനത്തിൽ ഈടാക്കുന്ന 6000 രൂപയിൽ ജി.എസ്.ടി. ഉൾപ്പെടെ 5644 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും ബാക്കി വരുന്ന തുക മാരകരോഗങ്ങൾക്കും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും സാമ്പത്തിക സഹായം ലഭിക്കുന്ന വിധത്തിൽ പ്രത്യേക കോർപ്പസ് ഫണ്ടാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കാതിരിക്കാൻ ആശുപത്രി ലോബികൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ച് നിൽക്കണം. അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പരിരക്ഷ ലഭിക്കുന്നതാണ്. പദ്ധതിയിൽ സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളുമുൾപ്പെടെ 396 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാനുള്ള ശ്രമം ഊർജ്ജിതമാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ത്രിതല പരാതി പരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ സഹകരണം ഉറപ്പാക്കുന്നതിനായി യോഗം വിളിച്ചു ചേർത്തിട്ടുണ്ട്.

## III. സബ്മിഷൻ

### 1. സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിനും മരുന്ന് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അവശ്യമരുന്നുകൾ അടിയന്തരമായി ആശുപത്രികളിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആശുപത്രികൾ നൽകുന്ന ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഇ-ടെണ്ടർ അനുസരിച്ചാണ് മരുന്നുകൾ സംഭരിക്കുന്നത്. ആശുപത്രികളിൽ മരുന്നുകളുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിൽ മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിന് പ്രത്യേക ടീമിനെ ഏർപ്പെടുത്താൻ കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തുകയും വാർഷിക ഇൻഡന്റിനേക്കാൾ അധികമായി മരുന്ന് ആവശ്യമുള്ളയിടങ്ങളിൽ അധിക ഇൻഡന്റിലൂടെ ടെണ്ടർ വിലയ്ക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷത്തെ ഷെഡ്യൂൾ അനുസരിച്ചുള്ള മരുന്ന് ലഭ്യമാക്കി വിതരണം തുടരുകയാണ്. സർക്കാർ ആശുപത്രികളിൽ

ആന്റി റാബിസ് വാക്സിന്റെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാടിസ്ഥാനത്തിൽ അധിക ഇൻഡന്റ് ശേഖരിച്ച് വാക്സിൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡന്റിനേക്കാൾ അധികമായി വരുന്ന അവശ്യമരുന്നുകൾ സംഭരണശാലകളിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. മരുന്ന് സംഭരണവും വിതരണവും വരുംവർഷങ്ങളിൽ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക കലണ്ടർ തയ്യാറാക്കുകയും ഇൻഡന്റ് പ്രായോഗികമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## 2. വന്യമൃഗശല്യം

ശ്രീ. റോജി. എം. ജോൺ: അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ, അയ്യമ്പുഴ, മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകളിലെ മലയോര മേഖലകളിലെ വന്യമൃഗശല്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗശല്യം രൂക്ഷമായ അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ പഞ്ചായത്തുകളിൽ മനുഷ്യനും വളർത്തുമൃഗങ്ങൾക്കും ജീവൻ നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുണ്ട്. പ്രസ്തുത മേഖലകളിലെ വനസംരക്ഷണ സമിതി ഫലപ്രദമായി

പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. വന്യമൃഗശല്യം തടയുന്നതിന് ഹാങ്ങിംഗ് സോളാർ ഫെൻസുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വാഴച്ചാൽ ഡിവിഷനുകീഴിൽ 15.5 കി. മീറ്ററും മലയാറ്റൂർ ഡിവിഷനുകീഴിൽ 8.2 കി. മീറ്ററും സോളാർ ഫെൻസിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സാധ്യമാകുന്ന കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## 3. ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബോണക്കാട് എസ്റ്റേറ്റിലെ മൂന്ന് ഡിവിഷനുകളിലായി താമസിക്കുന്ന 171 കുടുംബങ്ങളിൽ 71 കുടുംബങ്ങൾക്ക് സ്വന്തമായി വീടോ സ്ഥലമോ ഇല്ല. വിരമിച്ച തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കാത്തതിനാൽ എസ്റ്റേറ്റ് വിട്ടുപോയിട്ടില്ല. ബോണക്കാട് എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും വിവിധ ഏജൻസികൾക്ക് നൽകാനുള്ള കുടിശ്ശികയെത്തുടർന്ന് ജപ്തി ചെയ്തതായി

തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെയും തിരുവനന്തപുരം ജില്ലാ റിലീഫ് ഫണ്ട് കമ്മിറ്റിയുടെയും അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 2,69,39,755 രൂപയും ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ 2,17,00,000 രൂപയുടെയും എസ്റ്റിമേറ്റ് പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഉൾപ്പെടെ നൽകുന്നതുമായി ബന്ധപ്പെട്ട നടപടി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

4. <u>ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ</u>

<u>ശ്രീ. ഡി. കെ. മുരളി</u>: പെരിങ്ങമ്മല പഞ്ചായത്തിലെ ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തര ഇടപെടലുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും ലയങ്ങൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണെന്നും

പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റേറ്റിനെ സംബന്ധിച്ച നിയമലംഘനങ്ങൾ നിശ്ചിത സമയപരിധിക്കകം തൊഴിലുടമ പരിഹരിക്കാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം നൽകാത്തത് സംബന്ധിച്ച് മിനിമം വേതന നിയമപ്രകാരം ക്ലെയിം ഫയൽ ചെയ്യുന്നതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിതലയോഗം ചേർന്ന് ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 5. ബ്രഹ്മപുരം പാലം നിർമ്മാണം

ശ്രീമതി ഉമ തോമസ്: വാട്ടർ മെട്രോ വിപുലീകരണവുമായി ബന്ധപ്പെട്ട് ബ്രഹ്മപുരം പാലം ഉയർത്തിപ്പണിയേണ്ടതിനാൽ തദ്ദേശവാസികളുടെ ആശങ്ക കണക്കിലെടുത്ത് ബദൽ സംവിധാനം ഒരുക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വാട്ടർ മെട്രോ വിപുലീകരണവുമായി ബന്ധപ്പെട്ട് ബ്രഹ്മപുരം പാലം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമയബന്ധിതമായി പുതുക്കിപ്പണിയേണ്ടതിനാൽ ബദൽ സംവിധാനമൊരുക്കുന്നതിന് പൊതുമരാമത്ത് പാലം വിഭാഗത്തോട്

റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 6. തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡ്

ശ്രീ. മുരളി പെരുനെല്ലി: കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് തകർന്ന മണലൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞാണി-പഞ്ചാരമുക്ക് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട നിർവ്വഹണ പ്രവൃത്തികളുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വർക്ക് ഷെഡ്യൂൾ തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാഞ്ഞാണി-മുല്ലശ്ശേരി, ചിറ്റാട്ടുകര-കണ്ടക്കടവ് റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ മുല്ലശ്ശേരി-പഞ്ചാരമുക്ക് റോഡ് നവീകരണം സാദ്ധ്യമായിട്ടില്ല. റെസ്റ്റോറേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ്

റോഡുകൾ മൺസൂൺ പ്രവൃത്തിയിലൂടെയോ റണ്ണിംഗ് കോൺട്രാക്ടിലൂടെയോ നവീകരിക്കുന്നതാണ്. കുടിവെള്ള കണക്ഷൻ നൽകുന്നതിന് മൺസൂൺ കാലയളവിൽ റോഡ് കുഴിക്കുന്നതിന് അനുമതി നൽകില്ല.

## 7. നേരേകടവ് - മാക്കേകടവ് പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: നേരേകടവ് - മാക്കേകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി വില്ലേജിലെ 21 ഭൂവുടമകളുടെയും ഉദയനാപുരം പഞ്ചായത്തിലെ വടക്കേമുറി വില്ലേജിലെ 11 ഭൂവുടമകളുടെയും ഭൂമി 2022 ജൂൺ 10-നാണ് പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഉയർത്തിനൽകണമെന്ന കരാറുകാരുടെ ആവശ്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

8. പാലക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പ്രഭാകരൻ: പാലക്കാട് താലൂക്കാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാഷ്വാലിറ്റി, എല്ലുരോഗ വിഭാഗങ്ങൾ ഉൾപ്പെടെ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 34 കിടക്കകൾ അനുവദിച്ചിട്ടുള്ള പാലക്കാട് താലൂക്കാശുപത്രിയിലെ പ്രതിദിന ഒ.പി. 200 ആണ്. ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്, ഗൈനക്കോളജി, ദന്തൽ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ലാബ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി 48 സ്ഥിരം തസ്തികകളുള്ള ഈ ആശുപത്രിയിൽ എൻ.എച്ച്.എം., എച്ച്.എം.സി. എന്നിവ മുഖാന്തരം 3 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കുകയും 3 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

9. പുതുക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് താലൂക്കാശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരുൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ഗൈനക്കോളജി വിഭാഗം

പ്രവർത്തനമാരംഭിക്കുന്നതിനും ഡയാലിസിസ് യൂണിറ്റിന് കൂടുതൽ ഷിഫ്റ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പുതുക്കാട് താലൂക്കാശുപത്രിയിൽ ഡോക്ടർമാരുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 51 സ്ഥിരം തസ്തികകളാണുള്ളത്. ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതുക്കാട് താലൂക്കാശുപത്രിയിൽ നിലവിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രസവമുറി, പ്രസവ വാർഡ്, ഓപ്പറേഷൻ തീയേറ്റർ എന്നിവ നവീകരിക്കുകയും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. തിയേറ്റർ അടക്കമുള്ള ലേബർ കോംപ്ലക്സ് നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടി സ്വീകരിച്ചുവരികയാണ്. പ്രസവ-പ്രസവാനന്തര സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ സജ്ജമാക്കിയും ബ്ലഡ് സ്റ്റോറേജ് സൗകര്യമേർപ്പെടുത്തിയും

പുതുക്കാട് താലൂക്കാശുപത്രിയിൽ പ്രസവ ചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 10. താമരശ്ശേരി താലൂക്കാശുപത്രിയുടെ വികസനം

ഡോ. എം. കെ. മുനീർ: താമരശ്ശേരി താലൂക്കാശുപത്രിക്ക് താലൂക്കാസ്ഥാന ആശുപത്രിയുടെ പദവി ലഭ്യമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും മദർ ആൻഡ് ചൈൽഡ് കെയറിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ട്രോമ കെയർ സംവിധാനമൊരുക്കുന്നതിനും ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനും ആംബുലൻസ് പ്രവർത്തനസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോഴിക്കോട് താമരശ്ശേരി താലൂക്കാശുപത്രിയിൽ എൻ.എച്ച്.എം. മുഖേന 23-ഉം എച്ച്.എം.സി. വഴി 50- ഉം ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ച് 29-ഉം താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കുകയും വിവിധ വിഭാഗങ്ങളിലായി 20 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 17 കോടി 70 ലക്ഷം രൂപയും ബ്ലഡ് ബാങ്ക് നിർമ്മിക്കുന്നതിന് ദേശീയ ആരോഗ്യദൗത്യംവഴി

35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ട്രോമാകെയർ സംവിധാനമൊരുക്കുന്നതിനുള്ള പ്രാരംഭനടപടി സ്വീകരിച്ചുവരികയാണ്. ആംബുലൻസ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി IX, XIII എന്നിവയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സബ്ജക്ട് കമ്മിറ്റി XI-ന്റെ 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് എന്നിവ സമർപ്പിച്ചു.

## V. ക്രമപ്രശ്നം

<u>പ്രതിപക്ഷനേതാവിന്റെ പരാമർശം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാൻ പാടില്ലെന്ന ചട്ടം നിലനിൽക്കെ റൂളിംഗ് നൽകിയ വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് സഭയ്ക്കുള്ളിലും പുറത്ത് മാധ്യമങ്ങളോടും സംസാരിച്ചത്

ചട്ടവിരുദ്ധമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സ്പീക്കറുടെ റൂളിംഗിനെ വിമർശിക്കാനോ ചോദ്യം ചെയ്യാനോ പാടില്ലെന്നും സ്പീക്കറുടെ തീരുമാനം അന്തിമമാണെന്നും ചട്ടത്തിൽ പറയുന്നുണ്ട്. പ്രതിപക്ഷനേതാവ് പത്രസമ്മേളനത്തിലൂടെ ചെയറിന്റെ നിഷ്പക്ഷതയെ പരോക്ഷമായി ചോദ്യം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ പ്രതിപക്ഷനേതാവിന്റെ അഭിപ്രായം കേട്ടതിനുശേഷം തീരുമാനമെടുക്കാം.

## VI. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

(250,10,13,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം

(1269,85,00,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV -പഞ്ചായത്ത്

(823,65,32,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI -ഗ്രാമവികസനം

(3845,60,91,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിലൂടെ പ്രാദേശിക സർക്കാരുകളെ പുനഃസംഘടിപ്പിക്കുകയും സാമൂഹ്യക്ഷേമ-നീതി-സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തമുഖങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. അടങ്കൽ തുകയുടെ

25 ശതമാനത്തിലധികം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ഏക സംസ്ഥാനം കേരളമാണെന്നത് അഭിമാനകരമാണ്. സംസ്ഥാനം ഉപാധിരഹിത ഫണ്ട് നൽകുമ്പോൾ 15-ാം ധനകാര്യ കമ്മീഷൻ നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നത് വികേന്ദ്രീകൃത ആസൂത്രണത്തെ പ്രതികൂലമായി ബാധിക്കും. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും തൊഴിൽ-സേവന മേഖലകളിൽ മുന്നേറ്റം സൃഷ്ടിക്കാനും വിവിധ ജനവിഭാഗങ്ങൾക്ക് മതിയായ പരിരക്ഷ ഉറപ്പുവരുത്താനും സാധിച്ചത് ശ്രദ്ധേയമാണ്. കേരളത്തിലെ മുഴുവൻ സ്ത്രീകളെയും കുടുംബശ്രീയിൽ അംഗങ്ങളാക്കുന്നതിനുള്ള ശ്രമം നടത്തണം. നവകേരളം കർമ്മപദ്ധതിക്ക് രൂപം നൽകിയ നടപടി ഭാവി കേരളം ഭദ്രമാക്കുന്നതാണ്. ദാരിദ്ര്യനിർമ്മാർജ്ജനം മുൻനിർത്തിയുള്ള പദ്ധതികളാവിഷ്കരിച്ചതും വാതിൽപ്പടി വിതരണം, ജനകീയ ഹോട്ടലുകൾ എന്നിവ നടപ്പാക്കിയതും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും ശ്ലാഘനീയമാണ്. പരമ്പരാഗത കള്ള് വ്യവസായരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനും ടോഡി ബോർഡ് പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പിന്റെ ശാക്തീകരണത്തിനും വിമുക്തി ഉൾപ്പെടെയുള്ള പദ്ധതികൾ

നടപ്പാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കണം. കാർഷികോൽപ്പന്നങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽനിന്ന് വീര്യംകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം. ഡി-അഡിക്ഷൻ സെന്ററുകൾ വിപുലപ്പെടുത്താനും എക്സൈസ് വകുപ്പിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ/സ്ത്രീ വിഭാഗങ്ങൾക്ക് മുൻഗണന നൽകാനും കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചിരിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി കാണണം. കേരളത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നതും സർവ്വകലാശാലകൾ റാങ്കിംഗിൽ പിന്നോട്ടുപോകുന്നതും ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ചമൂലമാണ്. വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തുകയും വിജ്ഞാന സമ്പദ് വ്യവസ്ഥയിലേയ്ക്ക് മാറാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ 35 ശതമാനം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കായി നീക്കിവച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. നവകേരളം പദ്ധതിയുടെ ഭാഗമായി ദരിദ്ര ജനവിഭാഗങ്ങളെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശ്രമം ശ്രദ്ധേയമാണ്. ലൈഫ് പദ്ധതിയിലൂടെ 2,79,465 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചതും വിശപ്പുരഹിത കേരളം, ടേക്ക് എ ബ്രേക്ക്, വയോജന ക്ലബ്ബ്, ശുചിത്വ കേരളം എന്നീ പദ്ധതികൾക്ക് രൂപം നൽകിയതും കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കിയതും വാതിൽപ്പടി സേവനം നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. മയക്കുമരുന്ന് വ്യാപനത്തിനെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ ശക്തമാക്കണം.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളും ഫണ്ടും കവർന്നെടുക്കുന്ന നടപടി അപലപനീയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭാരിച്ച ചുമതലകൾ കൈമാറിയെങ്കിലും അവ നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശകളും തനത് നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ദേശീയപാത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങൾ ഏറ്റെടുത്തതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക തിരിച്ചുനൽകാനും പേവിഷ ബാധയ്ക്കെതിരായ വാക്സിൻ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി ഒ. എസ്. അംബിക: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങളുമായിട്ടാണ് കുടുംബശ്രീ മുന്നോട്ട് പോകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ 5% കടമുറികൾ സ്ത്രീകൾക്കായി മാറ്റിവയ്ക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 20 ലക്ഷത്തോളം അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ആരംഭിക്കാനുദ്ദേശിക്കുന്ന നോളജ് ഇക്കോണമി പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. ജലമാലിന്യ സംസ്കരണത്തിന് പുതിയ മാതൃക സൃഷ്ടിക്കുന്ന 'തെളിനീരൊഴുകും നവകേരളം' പദ്ധതിക്ക് തുടക്കം കുറിക്കുകയും ജലഗുണനിലവാരം

ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇലക്ട്രിക് സ്കൂട്ടറുകൾ നൽകാനും എല്ലാ ജില്ലകളിലും റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് സംസ്ഥാനത്തെ അറവുമാലിന്യമുക്തമാക്കാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ബയോമെഡിക്കൽ-സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനം ആരംഭിച്ചതും വിദ്യാലയങ്ങൾ ലഹരിമുക്തമാക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും സ്വാഗതാർഹമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷികോല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കാനുള്ള തീരുമാനം കർഷകർക്ക് ഗുണകരമാകും. ബിവറേജസ് ഔട്ട്ലെറ്റുകളിലെ തിരക്ക് ഒഴിവാക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തണം. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പ്രളയത്തിൽ തകർന്ന പാലങ്ങളും റോഡുകളും പുനർനിർമ്മിക്കാൻ പഞ്ചായത്തുകൾക്ക് ധനസഹായം നൽകണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുത്ത് അധികാര വികേന്ദ്രീകരണത്തെ അസ്ഥിരപ്പെടുത്തുന്ന നിലപാടാണ് ഗവൺമെന്റ്

സ്വീകരിക്കുന്നത്. പഞ്ചായത്തുകളുടെ ഫണ്ട് വെട്ടിക്കുറച്ച നടപടി പദ്ധതി നടത്തിപ്പിനും വികസന പ്രവർത്തനങ്ങൾക്കും വിഘാതം സൃഷ്ടിക്കും. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മേറ്റുമാരായി എസ്.എസ്.എൽ.സി. പാസ്സായ കുടുംബശ്രീ അംഗങ്ങളെ മാത്രം ചുമതലപ്പെടുത്താനുള്ള തീരുമാനം പുനഃപരിശോധിക്കണം. ഐ.ടി. മേഖലയോടനുബന്ധിച്ച് ബാറുകളും പബ്ബുകളും ആരംഭിക്കാനും മദ്യലഭ്യത വർദ്ധിപ്പിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാനും ഓൺലൈൻ മുഖേന മദ്യം വിതരണം ചെയ്യാനുമുള്ള തീരുമാനങ്ങൾ പുനഃപരിശോധിക്കണം.

ശ്രീമതി കാനത്തിൽ ജമീല: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയാസൂത്രണത്തിലൂടെ വിപുലമായ അധികാരങ്ങളാണ് പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ളത്. പഞ്ചായത്തുകളുടെ സമയബന്ധിതമായ ഇടപെടലുകളിലൂടെയാണ് കോവിഡ് മഹാമാരിയെ ഫലപ്രദമായി പ്രതിരോധിക്കാൻ സാധിച്ചത്. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകൾ സാധാരണക്കാർക്ക് ആശ്വാസമേകുന്നതാണ്. അതിദാരിദ്ര്യം ഇല്ലാതാക്കാൻ ശ്രമിച്ചും ലൈഫ് ഭവന പദ്ധതിയിലൂടെ അഞ്ച് ലക്ഷം പേർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചും 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ

സംഘടിപ്പിച്ചും വാതിൽപ്പടി സേവനം ലഭ്യമാക്കിയും കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിച്ചും സ്ത്രീ ശാക്തീകരണം നടപ്പാക്കിയും മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ച് കൂടുതൽ ജീവനക്കാരെ നിയമിച്ചതും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായതും ലഹരി ഉപയോഗം നിയന്ത്രിക്കാൻ വിമുക്തി ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ സർവ്വേ നടത്തി ദരിദ്രരെ കണ്ടെത്തിയതും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയും തൊഴിൽ ദാതാവിനെയും തൊഴിലന്വേഷകരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവന്നതും ശ്രദ്ധേയമാണ്. ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന രീതി അവസാനിപ്പിക്കുകയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പെൻഷൻ തുകയ്ക്ക് തുല്യമായ തുക സർക്കാർ നൽകാൻ തയ്യാറാകുകയും വേണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് ക്യാരിഓവർ ചെയ്യാൻ അനുവദിക്കാത്ത നടപടി അപലപനീയമാണ്.

ശ്രീ. കെ. പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും പാനൂർ ജംഗ്ഷനിൽ സിഗ്നൽലൈറ്റ് സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും വേണം. എക്സൈസുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വകുപ്പിനാവശ്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളും മയക്കുമരുന്ന് ഡിറ്റക്ഷൻ കിറ്റും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ജീവനക്കാരുടെ ഒഴിവുകൾ നികത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന വിവിധ ജനക്ഷേമ പദ്ധതികൾ

കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും കുടുംബശ്രീയുടെ കീഴിൽ കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കുന്ന നൂതന പദ്ധതികൾ ആരംഭിക്കുകയും കുടുംബശ്രീ ലിങ്കേജ് ലോണിന്റെ പലിശ സബ്സിഡി സഹകരണ ബാങ്കുകളിലൂടെ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുകയും വേണം. കാർഷിക മേഖല സ്വയംപര്യാപ്തമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കണം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തിലൂന്നിയുള്ള പദ്ധതി പ്രവർത്തനങ്ങളും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനും ജി.എസ്.ടി.യുടെ ഭാഗമായി പരസ്യ/വിനോദ നികുതിയിലുണ്ടായ കുറവ് പരിഹരിക്കാനും മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാത്ത നടപടി അപലപനീയമാണ്.

ലൈഫ് ഭവന പദ്ധതിപ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം പ്രസിദ്ധീകരിക്കാനും പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനും ജൽജീവൻ മിഷൻ പദ്ധതിപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി മേഖലകളിൽ വെട്ടിപ്പൊളിച്ച റോഡുകൾക്ക് മെയിന്റനൻസ് ഫണ്ട് നൽകാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും മദ്യശാലകളിലേക്കുള്ള ദൂരപരിധി വെട്ടിക്കുറച്ചതും മദ്യശാലകൾ ആരംഭിക്കുന്നതിന് ലൈസൻസ് നൽകാനുള്ള അധികാരം എടുത്തുകളഞ്ഞതും അപലപനീയമാണ്.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതും ലൈഫ് പദ്ധതിയിലൂടെ 295006 വീടുകൾ പൂർത്തീകരിച്ചതും അതിദാരിദ്ര്യം ഇല്ലാതാക്കാനും കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കാനുമുള്ള പ്രവർത്തനങ്ങളും അഭിമാനാർഹമാണ്. 'വാതിൽപ്പടി സേവനം' പദ്ധതിയിലൂടെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതർക്കായുള്ള 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിനിന്റെ ഭാഗമായി

ഭൂമി നൽകാൻ തയ്യാറായി നിരവധിപേർ മുന്നോട്ടുവരുന്നത് പ്രതീക്ഷാനിർഭരമാണ്. സർക്കാർ ആശുപത്രികളിൽ വിപുലമായ ചികിത്സാസംവിധാനം ഏർപ്പെടുത്തുന്നതിലൂടെയുള്ള അധികചെലവുകൾ പ്രസ്തുത സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുല്യമായി വഹിക്കണം. മയക്കുമരുന്ന് കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്താനാവശ്യമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. കെ. ആൻസലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞതും കോവിഡ്-പ്രളയ കാലത്തെ കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നിലപാടിനെ അതിജീവിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ ആത്മാർത്ഥത വ്യക്തമാക്കുന്നതാണ്. കുടുംബശ്രീ പ്രസ്ഥാനങ്ങളിലൂടെ നിരവധി പേർക്ക് തൊഴിൽ നൽകിയതും പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനഃസ്ഥാപിച്ചതും ഒറ്റ ദിവസം കൊണ്ട് 34,995 ഫയലുകൾ തീർപ്പാക്കാനായതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കെട്ടിടങ്ങളിൽ സ്ത്രീകൾക്ക് അഞ്ച് ശതമാനം സംവരണമേർപ്പെടുത്തിയതും സേവനങ്ങൾ ഓൺലൈനാക്കിയതും

സ്വാഗതാർഹമാണ്. വ്യാജ മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ഉപഭോഗം തടയുന്നതിനായി ബെവ്കോ ഔട്ട് ലെറ്റുകൾ കൂടുതലായി ആരംഭിക്കുന്നതിനും മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്തുകളെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി സ്വീകരിക്കണം. ആശ്രയ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും നിലാവ് പദ്ധതി കാര്യക്ഷമമാക്കുന്നതിനും മുൻകയ്യെടുക്കണം. ലൈഫ് പദ്ധതിക്കായി പഞ്ചായത്തിന്റെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതും അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതും പ്രതിഷേധാർഹമാണ്. ആംനസ്റ്റി സ്കീം നടപ്പാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അംഗങ്ങളുന്നയിച്ച സ്വീകാര്യമായ നിർദ്ദേശങ്ങളിന്മേൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. മദ്യവർജ്ജനത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിൽ

നടപ്പിലാക്കിവരുന്നത്. സേവനദാതാക്കളിൽനിന്നും തൊഴിൽദാതാക്കളെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 'നവകേരള തദ്ദേശകം' കാമ്പയിൻ സംഘടിപ്പിക്കുന്നതിനും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിനും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനും ലൈഫ് പദ്ധതിയിലൂടെ മൂന്ന് ലക്ഷത്തോളം വീടുകൾ യാഥാർത്ഥ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിപ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ ഗുണഭോക്താക്കളായവരുടെ അന്തിമപട്ടിക ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതാണ്. ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്കായി ഭൂമി കണ്ടെത്തുന്നതിനായി സംഘടിപ്പിച്ച 'മനസ്സോടിത്തിരി മണ്ണ് ' കാമ്പയിൻ വിജയകരമായി മുന്നേറുകയാണ്. രാജ്യത്തിന് മാതൃകയാകുന്ന രീതിയിലാണ് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി

ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിൽ വരികയും 29,80,308 അപേക്ഷകൾ ഇതിനകം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള ഐ.ബി.പി.എം.എസ്., അജൈവ പാഴ്വസ്തു ശേഖരണ പ്രക്രിയ ഊർജ്ജിതമാക്കാനുള്ള സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ്, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഇ-ഫയൽ ഓഫീസ്, എഞ്ചിനീയർമാർക്ക് ഇലക്ട്രോണിക് മെഷർമെന്റ് ബുക്ക് തുടങ്ങിയവ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്. വൃത്തിയും ശുചിത്വവുമുള്ള പൊതുശുചിമുറികൾ യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി 542 'ടേക്ക് എ ബ്രേക്ക്' സമുച്ചയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. വിവാഹ രജിസ്ട്രേഷൻ സുഗമമാക്കുകയും കോവിഡ് സാഹചര്യത്തിൽ വീഡിയോ കോൺഫറൻസ് വഴി വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യുവതി ഓക്സിലറി ഗ്രൂപ്പ് വഴി യുവതികളുടെ സാമൂഹ്യ സാംസ്കാരിക ഉപജീവന ഉന്നമനത്തിനായുള്ള പൊതു ഇടമായി കുടുംബശ്രീയെ ഉപയോഗപ്പെടുത്താനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ജനസംഖ്യയിൽ ആയിരത്തിൽ അഞ്ചുപേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. CMLRRP പ്രകാരം 3320 റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ 139 പ്രവൃത്തികളും പൂർത്തീകരിക്കുകയും കിഫ്ബി ഫണ്ടുപയോഗിച്ച് 446 സ്കൂളുകളിൽ കെട്ടിടനിർമ്മാണ പ്രവൃത്തികൾ നടന്നുവരികയുമാണ്. വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി 1184 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ മുഖേന ആറ് കോടി രൂപയുടെ വിറ്റുവരവുമായി കേരള ചിക്കൻ പദ്ധതി മുന്നേറുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുകയും ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി എക്സൈസ് വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പുതിയ മദ്യനയം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കിലയുടെ തളിപ്പറമ്പ് കാമ്പസിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് എന്ന അന്താരാഷ്ട്ര നേതൃപഠന കേന്ദ്രത്തിൽ മൂന്ന് പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഭവനനിർമ്മാണ മേഖലയിലെ മികച്ച ധനവിനിയോഗത്തിന്

കെ.യു.ആർ.ഡി.എഫ്.സി-ക്കും മികച്ച പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് ലൈഫ് മിഷനും ഹഡ്കോയുടെ ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ കാലതാമസമുണ്ടായെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. 2022-23 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം 8,048 കോടി രൂപയായി വർദ്ധിപ്പിക്കുകയും ആദ്യഗഡു കൈമാറുകയും ചെയ്തിട്ടുണ്ട്. ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചതിലുണ്ടായ ഏറ്റക്കുറച്ചിൽ പരിശോധിച്ച് മുൻ വർഷം നൽകിയ അനുപാതത്തിൽതന്നെ ഈ വർഷവും നൽകാൻ ഉത്തരവായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും മയക്കുമരുന്ന്, വ്യാജമദ്യം എന്നിവയുടെ വ്യാപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയ്ക്കായി എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രീമിയം ഷോപ്പുകളാക്കിമാറ്റാനും തീരുമാനിച്ചിട്ടുണ്ട്. കള്ളുചെത്ത് വ്യവസായം സംരക്ഷിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതോടൊപ്പം കശുമാങ്ങ, കൈതച്ചക്ക തുടങ്ങിയ കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. കെ-ഡിസ്ക്-ന്റെ ഭാഗമായി ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമണ്ഡലം വിപുലപ്പെടുത്തുകയും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തുകയും കാലാവസ്ഥാവ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ പങ്ക് വഹിക്കുകയും തൊഴിൽ സംരംഭ മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 1204 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായ കണ്ടിജന്റ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കക്ഷിരാഷ്ട്രീയത്തിനതീതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ച പിന്തുണയാണ് നൽകിവരുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ക്രമപ്രശ്നം (തുടർച്ച)**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെതിരായി ഒരു പരാമർശവും നടത്തിയിട്ടില്ല. സഭ്യമായ ഭാഷയിൽ പ്രതിഷേധം രേഖപ്പെടുത്തുകയാണ് ചെയ്തത്.

**റൂളിംഗ്**

മി. സ്പീക്കർ: സഭയുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ട ചുമതല നാം ഓരോരുത്തരിലും നിക്ഷിപ്തമാണെന്ന് ഓർമ്മപ്പെടുത്തുന്നു.

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായും 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായും പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നിയമമാക്കുന്നതിനാണ് ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചത്.

ശ്രീ. കെ. ഡി. പ്രസേനൻ: 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 17-7-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: 2022-ലെ കേരള ധനകാര്യ ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. പൊതുവിതരണ മേഖല ശക്തമായതുകൊണ്ടാണ് സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താനായത്. പൊന്നാനി തീരദേശ മേഖലയിൽ ടെട്രാപോഡുകൾ സ്ഥാപിച്ച് കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കാനും റവന്യൂ ഡെഫിസിറ്റും ധനകമ്മിയും കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിച്ച് സാമ്പത്തികരംഗം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് വേണ്ടത്. എച്ച്.ഐ.വി. ബാധിതർ, ഹീമോഫീലിയ

രോഗികൾ, കിടപ്പുരോഗികളെ പരിചരിക്കുന്നവർ, ഡയാലിസിസ് രോഗികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവർക്കുള്ള പെൻഷൻ കുടിശ്ശികയായിരിക്കുകയാണ്. ആംനസ്റ്റി സ്കീം പ്രകാരം യഥാസമയം നികുതി പിരിച്ചെടുക്കാതെ വീട്, വസ്തു, വെള്ളം എന്നിവയുടെ കരം, വൈദ്യുതി ചാർജ്ജ് തുടങ്ങിയവ വർദ്ധിപ്പിച്ച് സാധാരണ ജനങ്ങളെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. പദ്ധതി ചെലവുകൾ വർദ്ധിപ്പിച്ചും ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്തും വിലക്കയറ്റം നിയന്ത്രിച്ചും ജനങ്ങളുടെ ക്ഷേമവും വികസനവും മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയതും നീതി ആയോഗിന്റെ കണക്കുപ്രകാരം പണപെരുപ്പം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയതും അഭിമാനാർഹമാണ്. ഒറ്റപ്പാലത്ത് ബൈപ്പാസ്, സാംസ്കാരിക നിലയം, ഇൻഡോർ സ്റ്റേഡിയം, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ജിം എന്നിവയുടെ പ്രവർത്തനം നടന്നുവരികയാണ്. പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സ് ആരംഭിക്കുകയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും

ചെയ്ത നടപടിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. അടിസ്ഥാന ഭൂനികുതി ഇരട്ടിയാക്കിയും പുതിയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിയും രജിസ്ട്രേഷൻ ഫിറ്റ്നസ് ടെസ്റ്റ് നിരക്കുകൾ വർദ്ധിപ്പിച്ചും സാധാരണക്കാർക്കുമേൽ നികുതിഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഉയർന്ന പലിശയ്ക്ക് കോടിക്കണക്കിന് രൂപയുടെ കടമെടുത്തതിലൂടെ ഫലമായി സംസ്ഥാനം കടക്കെണിയിലായിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റ് ലാപ്സായിപ്പോകുന്ന സ്ഥിതിയാണുള്ളത്. അനാവശ്യചെലവുകളും ധൂർത്തുമാണ് നികുതി വർദ്ധനവിന് കാരണമാകുന്നത്. റവന്യൂ ചെലവ്/കമ്മി കുറയ്ക്കുന്നതിനും സർവ്വീസ് മേഖലകളിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽനിന്നുള്ള ജി.എസ്.ടി. നഷ്ടപരിഹാരം നിലയ്ക്കുകയും പെട്രോളിയം, മോട്ടോർ വാഹന സെസ്സ് എന്നിവയുടെ 50 ശതമാനം തുക കിഫ്ബിയിലേയ്ക്ക് മാറ്റുകയും ചെയ്യുന്നതിലൂടെ പൊതുഖജനാവിന് വൻ നഷ്ടമാണുണ്ടാകുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. വരുമാനം ഗണ്യമായി കുറഞ്ഞിട്ടും ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വൻകിട വികസന പദ്ധതികൾ നടപ്പാക്കിക്കൊണ്ട് കേരളം ലോകത്തിനുതന്നെ മാതൃകയാവുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും നികുതി വിഹിതം നൽകാതെയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് വെട്ടിക്കുറച്ചും മണ്ണെണ്ണയുടെയും ഗോതമ്പിന്റെയും വില വർദ്ധിപ്പിച്ചുകൊണ്ടുമുള്ള ജനദ്രോഹ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സംരംഭക വർഷാഘോഷത്തിന്റെ ഭാഗമായി ഒരു ലക്ഷം ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനം അഭിനന്ദനാർഹമാണ്. കൊച്ചി-ബാംഗ്ലൂർ ഇടനാഴിയുൾപ്പെടെ 72,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ നടപ്പിലാകുന്നത്. ദേശീയപാതാ വികസനത്തിനുള്ള നടപടി ആരംഭിക്കുകയും കെ-ഫോൺ പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭ്യമാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ദേശീയപാത ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിന് പുറത്തുനിന്ന് കടമെടുക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് വികസനപ്രവർത്തനങ്ങൾക്ക്

കിഫ്ബി വഴി തുക കണ്ടെത്തുന്നതിനെ എതിർക്കുന്ന കേന്ദ്ര നിലപാട് സംസ്ഥാനത്തിന്റെ ബോറോയിംഗ് കപ്പാസിറ്റിയെ നിയന്ത്രിക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക അധികാരങ്ങളെ കവർന്നെടുക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിരന്തരമുണ്ടാകുന്നത്. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ ശക്തിപ്പെടുത്താനുതകുന്ന ഭേദഗതികളാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. റവന്യൂ വരുമാനത്തിന്റെ 19 ശതമാനവും വായ്പകളുടെ പലിശ തിരിച്ചടവിനായി വിനിയോഗിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി പ്രതിസന്ധിയിലാണെന്നതിന് തെളിവാണ്. ധനകാര്യ ബില്ലിലെ ഭേദഗതി മൂലനിയമത്തിനോട് നീതി പുലർത്തുന്നതല്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. എന്നിവ വർദ്ധിപ്പിക്കുന്നതിനും കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം എത്രയുംവേഗം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. നവകേരള നിർമ്മിതിക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഫലപ്രദമായി

നടപ്പിലാക്കുന്നതിനുതകുന്ന ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. ജി.എസ്.ടി. വരുമാനത്തിലുണ്ടായ വർദ്ധന കോവിഡും പ്രളയവുമുൾപ്പെടെയുള്ള ദുരന്തങ്ങൾ സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്ന് സംസ്ഥാനം കരകയറുന്നതിന് തെളിവാണ്. വിഭവസമാഹരണത്തിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും സംസ്ഥാന സർക്കാരുകളെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സമീപനത്തെ മറികടക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ഐ.റ്റി.ഐ./പോളിടെക്നിക്/എഞ്ചിനീയറിംഗ്/ആർട്സ് & സയൻസ് കോളേജുകളോടനുബന്ധിച്ച് ചെറിയ വ്യവസായ യൂണിറ്റുകൾ/സ്റ്റാർട്ടപ്പുകൾ, സർവ്വകലാശാല കാമ്പസുകളിൽ ട്രാൻസ്‌ലേഷൻ റിസർച്ച് സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങളെ കൂട്ടിയിണക്കി കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തേയും ഐ.ടി ഇടനാഴികളുടെ വിപുലീകരണത്തിനും നിയർ ഹോം പദ്ധതിക്കും പുതിയ സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയ നടപടിയേയും സ്വാഗതം ചെയ്യുന്നു. കലാലയങ്ങളിൽ മികച്ച പ്രകടനം

കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനും ആശുപത്രികളിൽ എൻ.ആർ.ഐ. ബ്ലോക്ക് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി പെൻഷനും കുടിശ്ശികയില്ലാതെ കൊടുക്കാൻ സാധിച്ചത് അഭിമാനകരമായ നേട്ടമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്ത് വികസനം സാധ്യമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാതെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്കുമേൽ നിയന്ത്രണങ്ങൾ കൊണ്ടുവന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ കൂടുതൽ സാമ്പത്തിക സമ്മർദ്ദത്തിലാക്കാനാണ് ശ്രമിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് ഉപേക്ഷിച്ചുപോയ ഗെയിൽ പൈപ്പ്ലൈൻ പദ്ധതി, ദേശീയപാതാ വികസനം കെ-ഫോൺ, സമ്പൂർണ്ണ വൈദ്യുതീകരണം, ലൈഫ് പദ്ധതി, വർദ്ധിപ്പിച്ച സാമൂഹ്യക്ഷേമ പെൻഷൻ തുടങ്ങിയവയെല്ലാം ഇടതുപക്ഷ സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. അൻവർ സാദത്ത്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ

പരിണിതഫലമായി സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ കടം മൊത്തം ആഭ്യന്തര ഉല്പാദന വളർച്ചയെ മറികടന്നിരിക്കുകയാണ്. നികുതി പിരിവിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുന്നു. ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകൾ മറികടക്കുന്നതിന് സാധാരണക്കാർക്കുമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുകയാണ്. 60 വയസ്സ് കഴിഞ്ഞ കന്യാസ്ത്രീകൾക്കും വൈദികർക്കും പ്രാദേശിക പത്രപ്രവർത്തകർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രളയകാലത്തും കോവിഡ് പ്രതിസന്ധി ഘട്ടത്തിലും വായ്പയെടുത്ത് ജപ്തി ഭീഷണി നേരിടുന്നവരുടെ പലിശ ഒഴിവാക്കിക്കൊടുക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണം. വിനോദനികുതി, പരസ്യനികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. പ്രശാന്ത്: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമാണ് സംസ്ഥാനം കടമെടുക്കുന്നത്. സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള സാമ്പത്തിക ഉത്തേജക പാക്കേജുകളും കിഫ്ബിയുടെ

നിക്ഷേപവും സാമ്പത്തികവളർച്ചയുടെ ആക്കം കൂട്ടിയിട്ടുണ്ട്. കിഫ്ബിയുടെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും വികസനപ്രവർത്തനങ്ങൾ നടന്നുവരികയാണ്. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി സ്വാഗതാർഹമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് അനുവദിക്കാൻ കേന്ദ്രസർക്കാർ തത്വത്തിൽ തീരുമാനമെടുത്തുവെങ്കിലും കേരളത്തിൽ പ്രാവർത്തികമാക്കാത്തത് പ്രതിഷേധാർഹമാണ്. സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനവും കമ്മീഷനും ഉയർത്താനുള്ള ശ്രമം ലോട്ടറി വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ടർഫുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് നികുതി ഏർപ്പെടുത്തണം. സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കുട്ടനാട് മണ്ഡലത്തിലെ എ.സി. റോഡ് നവീകരണത്തിനും സമഗ്ര കുടിവെള്ള പദ്ധതിക്കും പാലം നിർമ്മാണത്തിനും തുക അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. കേരളത്തിന്റെ ആളോഹരി കടവും പൊതുകടവും വർദ്ധിച്ചുവരുന്നത്

ആശങ്കാജനകമാണ്. സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 40 ശതമാനവും കടം തിരിച്ചടയ്ക്കാനാണ് വിനിയോഗിക്കുന്നത്. കിഫ്ബി/മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ മുഖേന കടം വാങ്ങിയാണ് ശമ്പളവും പെൻഷനും നൽകുന്നത്. ബഡ്ജറ്റിന് പുറമെ കടമെടുക്കുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ബഡ്ജറ്റ് വിഹിതത്തിന്റെ 40 ശതമാനം പദ്ധതി വിഹിതത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഭക്ഷ്യസൂചിക, വിദ്യാഭ്യാസ നിലവാരം, ഗർഭിണികളുടെ മരണനിരക്ക്, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ബാലമരണ നിരക്ക് എന്നിവയിലെല്ലാം കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോവിഡ് പാക്കേജ് സംസ്ഥാനത്തിന് ലഭ്യമാക്കാത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. വിഹിതം വെട്ടിക്കുറച്ചതും നോട്ടുനിരോധനം ഏർപ്പെടുത്തിയതുംമൂലമാണ് സംസ്ഥാനത്തിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടിവന്നിട്ടുള്ളത്. റവന്യൂ മൂലധനച്ചെലവുകൾ വർദ്ധിപ്പിക്കാൻ

കഴിഞ്ഞതും പവർ കട്ട് ഇല്ലാതാക്കാൻ സാധിച്ചതും വിലക്കയറ്റം പടിച്ചുനിർത്താനായതും അഭിനന്ദനാർഹമാണ്. പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് നൽകേണ്ടതില്ലെന്ന കേന്ദ്രനയം പ്രതിഷേധാർഹമാണ്. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. 2016-ലെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിൽ മിക്കവയും നടപ്പാക്കുന്നതിന് മുൻ സർക്കാരിന് സാധിച്ചിട്ടില്ല. കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചെറിയ രീതിയിലുള്ള നികുതി വർദ്ധനവ് മാത്രമേ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളൂ. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴും സർക്കാർ നിയമനങ്ങൾ തടസ്സമില്ലാതെ നടത്താൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും മികച്ച സേവന-വേതന വ്യവസ്ഥകൾ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകുന്ന കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെയും കിഫ്ബിയുടെയും പേരിൽ കേന്ദ്ര വിഹിതം

കുറയ്ക്കുന്നതിനാണ് ശ്രമിക്കുന്നത്. കേരളത്തിന്റെ വാങ്ങൽശേഷിയും സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. നിരക്കും വർദ്ധിച്ചിട്ടുണ്ട്. തിരിച്ചടയ്ക്കാൻ കഴിയുന്നതരത്തിലാണ് സംസ്ഥാനം വായ്പയെടുക്കുന്നത്. സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് കിഫ്ബിയുടെ സഹായത്തോടെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ധനപരമായ അവകാശങ്ങൾ നിഷേധിക്കാൻ അനുവദിക്കുകയില്ല. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടേയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കയക്കുകയും ചെയ്തു.

2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

## VIII. അറിയിപ്പ്

<u>മി. സ്പീക്കർ</u>: ഇന്നത്തെ സഭാ സമ്മേളനത്തിനുശേഷം കെ-ലാംപ്സ് വിഭാഗവും യൂണിസെഫും സംയുക്തമായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സാമാജികർക്കായി പ്രഭാഷണം സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്ന്, 2021-ലെ നിയമസഭാ മാധ്യമ അവാർഡുകളും വിതരണം ചെയ്യുന്നതാണ്.

സഭ രാത്രി 7.33-ന് പിരിഞ്ഞു.

*******